**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126** **01-09-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ വിശ്രമമുറി തുറന്നു കൊടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പഴയ ബ്ലോക്കിലെ കാർഡിയോളജി ഐ.സി.സി.യു-2 ൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് മതിയായ വിശ്രമമുറികളോ ആവശ്യമായ കസേരകളോ നിലവിലില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ഐ.സി.യു-വിൽ പ്രവേശിപ്പിക്കുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് വിശ്രമത്തിനായി ബാത്ത് റൂം ഉൾപ്പെടെയുള്ള സൗകര്യത്തോടെയുള്ള വിശ്രമസ്ഥലം മൾട്ടി സ്പെഷാലിറ്റി ബ്ലോക്കിന്റെ താഴത്തെ നിലയിൽ സജ്ജമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങളടങ്ങിയ ബോർഡ് കാർഡിയോളജി ഐ.സി.യു-വിന്റെ മുൻപിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.** |
| (ബി) | എങ്കിൽ കാർഡിയോളജി ഐ.സി.സി.യു-2 ന്റെ സമീപത്ത് മുമ്പ് സജ്ജീകരിച്ചിരുന്നതും എന്നാൽ കോവിഡ് സമയത്ത് അടച്ചിട്ടിരുന്നതുമായ വിശ്രമമുറി രോഗികളുടെ കൂട്ടിരിപ്പുകാർക്ക് തുറന്നു കൊടുക്കുവാൻ നിർദ്ദേശം നൽകുമോ? | (ബി) | കാർഡിയോളജി വിഭാഗത്തിൽ ആൻജിയോഗ്രാമിനുള്ള നീണ്ട വെയിറ്റിംഗ് ലിസ്റ്റ് കുറയ്ക്കുന്നതിന്റെ ഭാഗമായി കൂടുതൽ കേസുകൾ ദിവസേന ആൻജിയോഗ്രാം ചെയ്യേണ്ടതിനാൽ അധികമായിട്ടുള്ള രോഗികളെ കിടത്തി പരിചരിക്കാനായി ഐ.സി.യു - 2 ന് മുമ്പിലുള്ള വിശ്രമമുറി മിനി ഐ.സി.യു ആയി സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ